**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ മാറുന്നതിനാണ് നിലവിൽ നിയന്ത്രണമുള്ളത്; വിശദമാക്കാമോ; | (എ) | ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലെ ട്രഷറി നിയന്ത്രണങ്ങളിൽ സ്വാഭാവികമായും ഇളവുകൾ ഉണ്ടാകും. |
| (ബി) | സംസ്ഥാനത്തെ വിവിധ ട്രഷറികളിലായി നിലവിൽ എത്ര രൂപയുടെ ബില്ലുകൾ മാറി നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ ട്രഷറികളിലായി നിലവിൽ 591,59,33,339/- രൂപയുടെ ബില്ലുകൾ മാറി നൽകുവാനുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സമ്പദ് വ്യവസ്ഥ എത്ര തവണ ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്; വിശദാംശം നൽകാമോ? | (സി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2022-23 സാമ്പത്തിക വർഷാവസാനം വരെ സംസ്ഥാന ട്രഷറി 15 ദിവസം ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ